# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3830 15.03.2017-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

**കെ.എസ്.എഫ്.ഇ യിൽ ദിവസ/കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാർ**

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ. യിൽ വിവിധ ശാഖകളിലായി ദിവസ/കരാർ/ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്ന എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ആറുപേരെ കരാറടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡായി ഹെഡ് ഓഫീസിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, സ്ഥിര ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്ന സന്ദർഭങ്ങളിലും മറ്റു ചില അത്യാവശ്യഘട്ടങ്ങളിലും ശാഖ/ഓഫീസുകളിലെ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനുമായി ചില താൽക്കാലിക സജ്ജീകരണങ്ങൾ, ബന്ധപ്പെട്ട ശാഖ/ഓഫീസിന്റെ അത്യാവശ്യത്തിനനുസരിച്ച് മാത്രമായി ഏർപ്പെടുത്താറുണ്ട്. എന്നാൽ ഇപ്രകാരം നിയമിക്കപ്പെടുന്നവരുടെ വിശദാംശങ്ങൾ സമാഹരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ജീവനക്കാരുടെ തസ്തിക, ജോലിനോക്കുന്ന ബ്രാഞ്ച്, എണ്ണം, എന്നിവ വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.